# അനാചാരങ്ങളെ മാറ്റിയത് കോടതിയുടെയും ഭരണകൂടത്തിന്റെയും ഉറച്ച നിലപാടുകൾ: സ്പീക്കർ

തിരുവനന്തപുരം: സ്ത്രീസമത്വവും സ്ത്രീകളുടെ അവകാശങ്ങളും അംഗീകരിക്കുന്നവർ ഭരണഘടനാനുസൃതമായുണ്ടാകുന്ന കോടതിവിധികളേയും മാനിക്കണമെന്നു നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ. ഇക്കാര്യം സൗകര്യപൂർവം വിസ്മരിക്കുന്നതുകൊണ്ടാണ് പല വിവാദങ്ങളും നമുക്കിടയിലുണ്ടാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോടതി ഇടപെടലിന്റെയും ഭരണകൂടത്തിന്റെയും ഭരണാധികാരികളുടേയും ഉറച്ച നിലപാടുകളുടേയും പിൻബലത്തിൽ മാത്രമേ പല അനാചാരങ്ങളേയും സമൂഹത്തിൽനിന്നു മാറ്റാൻ കഴിഞ്ഞിട്ടുള്ളൂ എന്നും അദ്ദേഹം പറഞ്ഞു. ഗാന്ധിജി കേരളം സന്ദർശിച്ച വേളയിൽ വെങ്ങാനൂരിലെത്തി അയ്യങ്കാളിയെ സന്ദർശിച്ചതിന്റെ 82ാം വാർഷികാഘോഷം 'മഹാത്മാസംഗമം' വെങ്ങാനൂരിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു സ്പീക്കർ.

പുരോഗമനപരമായ മുന്നേറ്റത്തിന്റെ തുടർച്ചയാണ് നവോത്ഥാനമെന്നും ആ മുന്നേറ്റം നമ്മൾ ഓർക്കുമെങ്കിലും സ്വന്തം ജീവിതത്തിൽ പകർത്തുമ്പോൾ ഇടർച്ചയുണ്ടാകുന്നതായും അദ്ദേഹം പറഞ്ഞു. ക്ഷേത്രപ്രവേശനം അവർണരെന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന ഹിന്ദുക്കൾക്കു ഹിന്ദുസമൂഹത്തിനുള്ളിലേക്കുള്ള പ്രവേശനം കൂടിയാണ് സാധ്യമാക്കിതയെന്നും സ്പീക്കർ പറഞ്ഞു.



വെങ്ങാനൂരിൽ നവോത്ഥാന ഫോട്ടോ പ്രദർശനം സ്പീക്കർ പി ശ്രീരാമകൃഷ്ണൻ വീക്ഷിക്കുന്നു

മഹാത്മജിയുടെ 71ാം രക്തസാക്ഷിത്വ വാർഷികവും 150ാം ജന്മവാർഷികവും സംസ്ഥാന സർക്കാർ ആചരിക്കുന്നതിന്റെ ഭാഗമായാണ് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. വിളംബര ഘോഷയാത്രയോടെ ആരംഭിച്ച പരിപാടിയുടെ ഭാഗമായി വിവിധ മത്സരങ്ങൾ, സെമിനാറുകൾ, പിആർഡി സംഘടിപ്പിക്കുന്ന നവോത്ഥാന ഫോട്ടോ പ്രദർശനം, പുരാവസ്തു പുരാരേഖ പ്രദർശനം, പുസ്തകമേള തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

എം വിൻസെന്റ് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഐ ബി സതീഷ് എംഎൽഎ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻ നായർ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ടി ആർ സദാശിവൻ നായർ, കവി വിനോദ് വൈശാഖി തുടങ്ങിയവർ പ്രസംഗിച്ചു.

നാളെ വൈകിട്ട് ആറിനു നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി എ കെ ബാലൻ, പുന്നല ശ്രീകുമാർ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിക്കും.

വെങ്ങാനൂരിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച നവോത്ഥാന ഫോട്ടോ പ്രദർശനവും സ്പീക്കർ പി ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പുതുതലമുറയ്ക്ക് ഏറെ ഗുണകരമാകും പിആർഡി സംഘടിപ്പിക്കുന്ന ഇത്തരം പ്രദർശനങ്ങളെന്നു സ്പീക്കർ പറഞ്ഞു. അയ്യങ്കാളിയുടെ സമര ജീവിതത്തിലെ ത്രസിക്കുന്ന ഏടുകളായ പഞ്ചമിയുടെ സ്കൂൾ പ്രവേശനവും വില്ലുവണ്ടി സമരവും അയ്യങ്കാളിയെ പിടികൂടി നൽകുന്നവർക്കു സവർണർ ഇനാം പ്രഖ്യാപിക്കുന്നതുമായ ചരിത്ര രേഖകൾ ഉൾക്കൊള്ളുന്നതാണു പ്രദർശനം. പ്രദർശന ചിത്രങ്ങളിലെ വിഷയങ്ങൾ അടക്കമുള്ളവ ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ പ്രത്യേകം പരാമർശിച്ചതും ശ്രദ്ധേയമായി.

ഇന്ന് രാവിലെ 10ന് 'ഗാന്ധി ദർശനവും സാമൂഹ്യനീതിയും' എന്ന വിഷയത്തിൽ സെമിനാർ നടക്കും. കെ മുരളീധരൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. ഡോ. എൻ രാധാകൃഷ്ണൻ വിഷയാവതരണം നടത്തും. ചർച്ചയ്ക്ക് ഡോ. എൻ ഗോപാലകൃഷ്ണൻ നേതൃത്വം നൽകും. ഉച്ചയ്ക്ക് 2.30 മുതൽ 'അയ്യൻകാളിയും സാമൂഹ്യപരിവർത്തനവും' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ അഡ്വ കെ സോമപ്രസാദ് എംഎൽഎ ഉദ്ഘാടനം ചെയ്യും. ബി സത്യൻ എംഎൽഎ അധ്യക്ഷനാകും. ചർച്ചയിൽ സി അശോകൻ, മൃദുലാദേവി എസ്, വി സീതമ്മാൾ, രാജേഷ് കെ എരുമേലി ഡോ. ഗംഗ റ്റി എന്നിവർ പങ്കെടുക്കും. വൈകുന്നേരം 5 മുതൽ പുഷ്പവതിയും സംഘവും അവതരിപ്പിക്കുന്ന ഗാനമേളയും തുടർന്ന് മുല്ലൂർ സത്യകുമാർ അവതരിപ്പിക്കുന്ന 'നവയുഗ ശില്പി അയ്യങ്കാളി' കഥാപ്രസംഗവും നടക്കും.